കേരള സർക്കാർ

സംഗ്രഹം

KEAM 2020 - പ്രവേശന പരീക്ഷയ്ക്ക് ഹാജരാക്കേണ്ടുന്ന വിവിധ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതിന് - 2020 ജനുവരി മുതൽ തന്നെ അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ.(സാധാ)നം. 150/2020/ഉ.വി.വ.** **തീയതി, തിരുവനന്തപുരം, 27.01.2020**

---

പരാമർശം: 1. 07.11.2019 ലെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ TA1/4780/2019/CEE നമ്പർ കത്ത്.

2. റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേംബറിൽ 19.11.2019 തീയതിയിൽ കൂടിയ യോഗത്തിന്റെ മിനിറ്റ്സ്.

ഉത്തരവ്

2020 KEAM പരീക്ഷയ്ക്ക് , വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് മുൻപ് തന്നെ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടുന്ന സാക്ഷ്യപത്രങ്ങൾ ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭ്യമാക്കുന്നതിന് വിദ്യാർത്ഥികൾക്കും രക്ഷാകർത്താക്കൾക്കും അറിയിപ്പ് നൽകാവുന്നതാണെന്നും , പ്രസ്തുത അറിയിപ്പ് നൽകിയ വിവരം ബന്ധപ്പെട്ട കാര്യാലയങ്ങളെ ( വില്ലേജ് / താലൂക്ക് ) അറിയിക്കാവുന്നതാണെന്നും പരാമർശം (1) പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു.

2. പ്രസ്തുത സാഹചര്യത്തിൽ, KEAM 2020 ന് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ KEAM പ്രവേശന പരീക്ഷയ്ക്ക് ഹാജരാക്കേണ്ടുന്ന വിവിധ സാക്ഷ്യപത്രങ്ങൾ (Nativity,Caste,Non Creamy Layer മുതലായവ) ആവശ്യമുള്ള പക്ഷം, ലഭ്യമാക്കേണ്ടുന്നതിന് 2020 ജനുവരി മുതൽ തന്നെ ബന്ധപ്പെട്ട അധികാരികൾ മുൻപാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**
**എൻ. ജയ്സുഖ് ലാൽ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:

പ്രവേശന പരീക്ഷ കമ്മീഷണർ , തിരുവനന്തപുരം.

ലാൻഡ് റവന്യൂ കമ്മീഷണർ , തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

റവന്യൂ (ടി) വകുപ്പ് / പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്/പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് (ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്.

www.highereducation.kerala.gov.in

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ